നിന്നും 13 ലക്ഷം ടണ്ണായി കുറഞ്ഞിരിക്കുകയാണെന്ന് ജനാർദ്ദനൻ നായർ കമ്മിഷൻ റിപ്പോർട്ടിൽ നിങ്ങൾ ചർച്ച ചെയ്തിട്ടില്ലെങ്കിലും പറയുന്നുണ്ട്. എല്ലാവർക്കും സബ്സിഡി കൊടുക്കാൻ ഞങ്ങൾ തീരുമാനിച്ചുവെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പ്രഖ്യാപിച്ചു. നല്ലതാണ്. പാലക്കാട് ഉൾപ്പെടെയുള്ളവർക്ക് കൊടുക്കാമെന്നു പറഞ്ഞു. അത് ഞാൻ സ്വീകരിക്കാം. ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം കൃഷി വകുപ്പുമന്ത്രി അംഗീകരിക്കുന്നുണ്ടോയെന്നാണ് എനിക്കറിയേണ്ടത്.

ശ്രീ. എൻ. സുന്ദരൻ നാടാർ : പ്രഖ്യാപനം ഗവൺമെൻറിന്റെ പ്രഖ്യാപനമാണ്., അല്ലാതെ വ്യക്തിയുടെ പ്രഖ്യാപനങ്ങളൊന്നും അല്ല. മറ്റൊന്ന് പാലക്കാട് ഇപ്പോൾ വളം സബ്സിഡി കൊടുക്കുന്നില്ലെന്നുള്ളതാണ്. വ്യാപകമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ പഠിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. ജെ. ലൂക്കോസ് : വടക്കൻ കുട്ടനാട് പ്രദേശങ്ങളിൽ ഇത്തവണ നെൽക്കൃഷി ചെയ്ത ആളുകളെ സംബന്ധിച്ചിടത്തോളം 15 ദിവസത്തിനും 25 ദിവസത്തിനുമിടയ്ക്ക് കൃഷി പൂർണ്ണമായി നശിച്ചുകൊണ്ടിരിക്കുകയാണ്. വടക്കൻ കുട്ടനാടൻ പ്രദേശങ്ങളും രോഗം പിടിപെട്ട പ്രദേശങ്ങളും കീടബാധിത പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് കീടനാശിനികൾ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : കീടനാശിനികൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്.

റേഷൻ വ്യാപാരികൾക്ക് കൊടുക്കാനുള്ള തുക

* 133 [136] ശ്രീ. കെ. പങ്കജാക്ഷൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
ശ്രീമതി പി. ദേവൂട്ടി :
ശ്രീ. ടി. കെ. ഹംസ :
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ റീട്ടെയിൽ വ്യാപാരികൾക്ക് ഭീമമായ തുക സർക്കാരിൽ നിന്നും കിട്ടുവാനുള്ളതുമൂലം വീണ്ടും അതോറിട്ടി എടുത്ത് സാധാരണ നിലയിലുള്ള ഭക്ഷ്യവിതരണം നടത്താൻ കഴിയാതെയിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തുക ലഭിക്കാത്തതുമൂലം റേഷൻ വ്യാപാരികൾ റേഷൻ സാധനങ്ങൾ വാങ്ങി വിതരണം ചെയ്യാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതേ തുടർന്ന് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ :)
(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) റേഷൻ വ്യാപാരികൾക്ക് കൊടുക്കാനുള്ള മുഴുവൻ തുകയും കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. പങ്കജാക്ഷൻ : റേഷൻ വ്യാപാരികൾക്ക് ഇക്കഴിഞ്ഞ സമ്പൂർണ്ണ വ്യാപകമായി സൗജന്യ റേഷൻ നൽകിയതു സംബന്ധിച്ച് അവർക്ക് കൊടുക്കാനുള്ള, അതോറിറ്റി എടുത്ത വകയിൽ കൊടുക്കാനുള്ള തുകയിൽ ഭീമമായ സംഖ്യ, ഏതാണ്ട് ആറുകോടിയോളം രൂപ അവർക്ക് കൊടുക്കാനുണ്ടെന്ന് റേഷൻ വ്യാപാരി സംഘടനകളുടെ നേതാവ് കൂടിയായ ഈ സഭയിലെ ഒരംഗവും കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറിമാരിൽ ഒരാളുമായ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ, ഇത് കൊടുക്കാതിരിക്കുന്ന സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ അടുത്ത അതോറിറ്റികൾ എടുത്ത് ക്ഷേമസാധനങ്ങൾ വിതരണം ചെയ്യുകയില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : ആകെ ഏഴുകോടി പതിനഞ്ചുലക്ഷം രൂപയ്ക്കുള്ള സൗജന്യ റേഷനാണ് വിതരണം ചെയ്തിട്ടുള്ളത്. അതിൽ ഏഴു കോടി എൺപത്തിമൂന്നു ലക്ഷം രൂപ ഈ കഴിഞ്ഞ 25-ാം തീയതി വരെയായിട്ട് ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടുണ്ട് : ഇത് ജില്ലകളിൽനിന്നും കിട്ടിയിട്ടുള്ള കണക്കനുസരിച്ചാണ്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസപ്രവർത്തനങ്ങളുടെ ഭാഗമായും മറ്റ് പ്രദേശങ്ങളിൽ ക്ഷേമവകുപ്പിന്റെ കീഴിലുമായിട്ടാണ് ഈ സൗജന്യറേഷൻ ഓണക്കാലത്ത് വിതരണം ചെയ്തിട്ടുള്ളത്. ഓണസ്മാനമായി വിതരണം ചെയ്തത് ഈ രണ്ടു രീതിയിലാണ്. വ്യക്തമായ കണക്കുകൾ പരിപൂർണ്ണമായി കിട്ടിക്കഴിഞ്ഞിട്ടില്ല. ഓണക്കാലത്ത് സൗജന്യറേഷൻ വിതരണം ചെയ്ത വകയിൽ ആർക്കും ഒന്നും കൊടുക്കാനില്ല. നാലഞ്ചു ജില്ലകളിൽ അവസാനമായി 24-ാം തീയതിയാണ് പണം അയച്ചുകൊടുത്തിട്ടുള്ളത്. അതുകൊണ്ട് അവർക്ക് കിട്ടാൻ താമസിച്ചിട്ടുണ്ടാകും ; അത് റേഷൻ വ്യാപാരികൾക്ക് കൊടുക്കാൻ താമസിച്ചിട്ടുണ്ടാകും. അതല്ലാതെ പണം കൊടുക്കാൻ ബാക്കിയില്ല.

ശ്രീ. കെ. പങ്കജാക്ഷൻ : കൊടുത്തുവെന്ന് പറയുന്ന കോടി രൂപകൾക്കപ്പുറത്ത് ആറുകോടിരൂപയിൽ ചില്ലാനം കൊടുക്കാനുണ്ടെന്ന് അസന്നിഗ്ദ്ധമായി ശ്രീ. രാമചന്ദ്രൻ മാസ്റ്റർ പ്രസ്താവിച്ചു. ഇനിയും ആ തുക കൊടുത്തു തീർത്തിട്ടില്ല. കൊടുത്തുതീർക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സത്യാഗ്രഹമുൾപ്പെടെയുള്ള പരിപാടികൾ റേഷൻ വ്യാപാരികൾ നടത്തി. കൊച്ചിയിലും തിരുവനന്തപുരത്തുമെല്ലാം അത്തരം പരിപാടികൾ നടത്തി. ഇനിയും കൊടുത്തു തീർക്കാനുണ്ട്, അതുകൊണ്ട് ഇവർ റേഷൻ എടുക്കുകയില്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നു പറയുന്നത് സത്യവിരുദ്ധമല്ലേ ?

ശ്രീ. യു. എ. ബീരാൻ : അത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഈ പണം കൊടുക്കുന്നതിനുമുമ്പ് അതുപോലെയുള്ള ഒരു പ്രസ്താവന ഉണ്ടായിരുന്നു. റേഷൻ വ്യാപാരികളുടെ രണ്ട് മൂന്ന് സംഘടനകൾ ഉണ്ട്. അവരുടെ നേതാക്കൻമാർ, തലങ്ങും വിലങ്ങും പ്രസ്താവനകൾ ഇറക്കിയിരുന്നു. ഇത് കൊടുക്കാൻ ജില്ലകളിൽ എത്തിക്കാൻ കുറച്ച് താമസമുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പങ്കജാക്ഷൻ : ആറുകോടി രൂപ ഇനിയും കൊടുക്കാനുണ്ട്, സൗജന്യ റേഷന്റെ തുക മാത്രമല്ല.

ശ്രീ. യു. എ. ബീരാൻ : ഇല്ല. കുറച്ച് പണം ഈ റേഷൻ വ്യാപാരികൾക്ക ഈ വകയിൽ കൊടുക്കാനുണ്ടായിരുന്ന സന്ദർഭത്തിലാണ് അങ്ങനെയൊരു പ്രസ്താവന ശ്രീ. രാമചന്ദ്രൻ മാസ്റ്റർ ഇറക്കിയത്. അതിനുശേഷമാണ് ഈ പണം കൊടുത്തിട്ടുള്ളത്.

ശ്രീ. കെ. പങ്കജാക്ഷൻ : സംസ്ഥാനത്തെ മുഴുവൻ റേഷൻ വ്യാപാരികൾക്കും നൽകേണ്ട തുക മുഴുവനായി കൊടുത്തു തീർത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ പറഞ്ഞത്, ഏഴുകോടി പതിനഞ്ചുലക്ഷം രൂപയുടെ അരി വിതരണം ചെയ്ത വകയിൽ ഏഴുകോടി എൺപത്തിമൂന്നുലക്ഷം രൂപ ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. അവരാണ് അത് റേഷൻ വ്യാപാരികൾക്ക് വിതരണം ചെയ്യേണ്ടത്.

ശ്രീ. കെ. പങ്കജാക്ഷൻ : അവർക്ക് ചെല്ലേണ്ട തുക മുഴുവനായി കൊടുത്തുതീർത്തു എന്ന് പ്രസ്താവിക്കാമോ ?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ പറഞ്ഞത്, മുഴുവൻ കൊടുത്തു തീർത്തു എന്ന്.

മി. സ്പീക്കർ : രണ്ടുപേരും പറയുന്നത് ശരിയാണ്. അങ്ങ് ചോദിക്കുന്നത് റേഷൻ കടക്കാർക്ക് മുഴുവൻ തുകയും കിട്ടിയോ എന്നാണ്. മന്ത്രി പറഞ്ഞത് ഇവിടെ നിന്ന് കൊടുക്കാനുള്ളത് കൊടുത്തു എന്നാണ്.

ശ്രീ. കെ. പങ്കജാക്ഷൻ : കളക്ടർമാർ കൊടുത്തു തീർന്നിട്ടില്ല. റേഷൻ വ്യാപാരികൾ റേഷനെടുത്ത് വിതരണം ചെയ്യാതെ ജനങ്ങൾ ബുദ്ധിമുട്ടുന്ന ദുരവസ്ഥയുണ്ടാകുന്നു.

ശ്രീ. യു. എ. ബീരാൻ : അങ്ങനെയൊരു ദുരവസ്ഥ ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : കൊടുത്തു എന്ന് മന്ത്രിയും കൊടുത്തില്ല എന്ന സത്യം നാട്ടിൽ നിലനിൽക്കുകയുമാണ്. കൊടുത്തു എന്ന് നിയമസഭയിൽ മന്ത്രി എത്ര പറഞ്ഞാലും വിതരണം ചെയ്ത അരിയുടെ പണം കിട്ടാത്തതിന്റെ ഫലമായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും റേഷൻ കടക്കാർ സമരങ്ങൾ നടത്തുകയാണ്. അങ്ങനെ ഒരു സമരം തൃശ്ശൂരിൽ കോൺഗ്രസ് (ഐ) യുടെ നേതാവ് ഫ്രാൻസിസ് ഉദ്ഘാടനം ചെയ്യുന്ന ഫോട്ടോ ഇന്നത്തെ പത്രത്തിലുണ്ട്. ഇങ്ങനെ കൊടുത്തു എന്നു ഇവിടെ പറയുകയും രേണുകക്ഷിയിലെ പ്രധാനപ്പെട്ട നേതാക്കൻമാർ ഈ സമരം ഉദ്ഘാടനം ചെയ്യുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടിട്ടുണ്ട് എന്ന വസ്തുത നിഷേധിക്കാമോ ?

ശ്രീ. യു. എ. ബീരാൻ : തൃശ്ശൂർ ജില്ലയിൽ നാൽപ്പതു ലക്ഷം രൂപ കൊടുക്കാൻ ബാക്കിയുണ്ടായിരുന്നുവെന്നാണ്, വിവരം അന്വേഷിച്ചപ്പോൾ ജില്ലാകളക്ടർ പറഞ്ഞത്. ആ നാൽപ്പതു ലക്ഷം രൂപ 24-ാം തീയതി അയച്ചു

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. ഇന്ന് 29-ാം തീയതിയാണ്. ഇതിനിടയിൽ സമരം ചെയ്തതു കൊണ്ട് കാര്യമില്ല. ഈ പൈസ അവിടെയെത്തി വിതരണം ചെയ്യണം.

ശ്രീമതി പി. ദേവൂട്ടി : കാശുകൊടുത്തുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാലും നാട്ടിലെ അവസ്ഥ അതല്ല. നമ്മുടെ സഹകരണ സംഘങ്ങൾ നടത്തുന്ന റേഷൻ ഷോപ്പുകൾവഴി കൊടുത്ത സൗജന്യറേഷന് പൈസ കിട്ടാത്തതിന്റെ ഫലമായി സഹകരണസംഘങ്ങൾ വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ടെന്ന കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. അത് മാത്രമല്ല കളക്ടർമാർക്ക് പൈസ കൊടുത്തിട്ട് അവർ അത് റേഷൻ ഷോപ്പുകാർക്ക് കൊടുക്കാതിരിക്കുകയാണ് എന്നുള്ളതുകൊണ്ടാണ് ഈ പ്രയാസം ഉണ്ടാകുന്നത്.

ശ്രീ. യു. എ. ബീരാൻ : സഹകരണ സംഘങ്ങൾ നടത്തുന്ന റേഷൻ ഷോപ്പുകാർക്കും എല്ലാം ഇത് ബാധകമാണ്. എല്ലാ റേഷൻഷോപ്പ് ഉടമകൾക്കും ഇതിനുള്ള പണം കൊടുക്കുന്നുണ്ട്. കണ്ണൂർ ജില്ലയിൽ ആകെ അൻപത്തിരണ്ടു ലക്ഷം രൂപയുടെ സൗജന്യ റേഷനാണ് വിതരണം ചെയ്തത്. അത് മുഴുവൻ കൊടുത്തു കഴിഞ്ഞു. അപ്പോൾ ഇങ്ങനെ ഒരു പ്രശ്നം ഉദിക്കുന്നില്ല.

ശ്രീമതി പി. ദേവൂട്ടി : റേഷൻഷോപ്പുകാർ കുറെ നാളുകളായി അവരുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. യു. എ ബീരാൻ : കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് മുൻപ് ഞാൻ ഇവിടെ പറഞ്ഞതാണ്. കമ്മീഷൻ വർദ്ധിപ്പിക്കുമ്പോൾ ഉപഭോക്താക്കളുടെ ഭാരം വർദ്ധിക്കും. അതുകൊണ്ട് അത് നിവൃത്തിയില്ല. ഇൻഡ്യാ ഗവൺമെൻറിന്റെ നിർദ്ദേശം ഇഷ്യു പ്രൈസും സെല്ലിംഗ് പ്രൈസും തമ്മിലുള്ള വ്യത്യാസം 15 രൂപയേ ആകാൻ പാടുള്ളു എന്നാണ്. അതു തന്നെ ഇപ്പോൾ 18 രൂപ ആയിട്ടുണ്ട്. അതുകൊണ്ട് കമ്മീഷൻ വർദ്ധിപ്പിക്കാൻ സാധിക്കുകയില്ല. പക്ഷേ സെയിൽസ് ടാക്സിൽ നിന്നുവരുന്ന വരുമാനം കുറയ്ക്കാൻ ഗവൺമെൻറ് സമ്മതിക്കുകയാണെങ്കിൽ ഈ കാര്യം പരിഗണിക്കാമെന്ന് കഴിഞ്ഞ സമ്മേളനത്തിൽ ഞാൻ ഈ സഭയിൽ പറഞ്ഞതാണ്.

ശ്രീ. ടി. കെ. ഹംസ : റേഷൻ വ്യാപാരികൾക്ക് കടം വരുത്തിക്കൊണ്ട്, ഇങ്ങനെ ഭീമമായ സംഖ്യ ബാദ്ധ്യത വരുത്തുന്ന ഇടപാട് എന്തുകൊണ്ടാണ് ഉണ്ടായത്. ഗവൺമെൻറിൽ പൈസ ഇല്ലാത്തതുകൊണ്ടാണോ ഇങ്ങനെയുണ്ടായത്. ആ സാഹചര്യം ഏതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. യു. എ. ബീരാൻ : ഗവൺമെൻറിൽ പൈസ ഇല്ലാത്ത യാതൊരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ല. പക്ഷേ ഓണത്തിന് സൗജന്യ റേഷൻ കൊടുക്കുകയെന്നുള്ളത് ഇതുവരെ ഇല്ലാത്ത ഒരു ഏർപ്പാടായിരുന്നു. ഈ ഗവൺമെൻറ് ആദ്യമായി ചെയ്തതാണ്. ദുരിത പ്രദേശങ്ങളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി അത് കൊടുക്കുന്നുണ്ട്. ഓണക്കാലത്ത് സൗജന്യ റേഷൻ കൊടുക്കാനാണ് ഗവൺമെൻറ് തീരുമാനിച്ചത്. അതിനുള്ള പണം കണ്ടിജൻസി ഫണ്ടിൽനിന്നും കൊടുക്കേണ്ടതായിരുന്നു. ആ തുക പോരാത്തതുകൊണ്ട് അത് വർദ്ധിപ്പിക്കേണ്ടതായി വന്നു. അതുകൊണ്ടാണ് താമസം വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം നാലഞ്ചു പ്രാവശ്യം അരിക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ട്. ആ രീതിയിൽ അധികമായി വരുന്ന വരുമാനം എന്താണ്, അത് ഏതു വിധത്തിലാണ് ചെലവാക്കുന്നത്.

ശ്രീ. യു. എ. ബീരാൻ : റേഷനരിയുടെ വിലവർദ്ധനവിലുണ്ടാകുന്ന വരുമാനം ഈ ഗവൺമെൻറിനല്ല ; കേന്ദ്രഗവൺമെൻറിനാണ്. അത് ചെലവാക്കേണ്ടത് കേന്ദ്രഗവൺമെൻറാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : റേഷൻ വിതരണത്തിൽ സഹകരണ സംഘങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം വൻപിച്ച തുക ഡിപ്പാർട്ടുമെൻറിൽ ഇന്നും ഹെൽഡപ്പായി കിടക്കുന്നുണ്ട്. അതുകൊണ്ട് അതോറിറ്റിയെടുത്ത റേഷനരി യഥാസമയം വിതരണം ചെയ്യാൻ കഴിയുന്നില്ലായെന്നുള്ള പരാതി സഹകരണസംഘങ്ങളുടെ ഭാഗത്തുനിന്നും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അവർക്കു കൊടുക്കാനുള്ള പണം ഉടനെയും പെട്ടെന്ന് റിലീസ് ചെയ്യാനുള്ള നടപടികളും സ്വീകരിക്കുമോ ?

ശ്രീ. യു. എ. ബീരാൻ : അതാണ് ഞാൻ പറഞ്ഞത് അൽപം താമസം ഇതിൽ വന്നിട്ടുണ്ട്. പക്ഷേ മുഴുവൻ സംഖ്യയും കൊടുത്തുകഴിഞ്ഞു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : റേഷൻ വിതരണത്തിൽ ഏർപ്പെട്ടിട്ടുള്ള സഹകരണസംഘങ്ങൾക്ക് സൗജന്യ റേഷൻ മാത്രമല്ല, അല്ലാതെയുള്ള അവസരങ്ങളിലും അവരെ ഒക്കാണ്ട് കൂടുതൽ പണം ഹോൾഡപ്പാക്കി സംഘങ്ങളെ ബുദ്ധിമുട്ടിക്കുന്നതായിട്ട് പരാതിയുണ്ട്.

ശ്രീ. യു. എ. ബീരാൻ : അങ്ങനെയില്ല. അല്ലാത്ത നിലയിൽ റേഷൻ ഷോപ്പുകാരുടെ പണം ഹോൾഡപ്പാക്കി അവരെ ബുദ്ധിമുട്ടിക്കുന്ന യാതൊരു പ്രശ്നവുമില്ല. അത് ഉണ്ടായിട്ടില്ല. ഉണ്ടാകുകയുമില്ല.

ഊർജ്ജിത നെല്ലുൽപ്പാദന പരിപാടി

* 134 [137] ശ്രീ. സി. കെ. തങ്കപ്പൻ :
,, വി. എസ്. ചന്ദ്രശേഖരൻപിള്ള :
,, കെ. പുരുഷോത്തമൻ :
,, വി. കേശവൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജിത നെല്ലുൽപ്പാദന പരിപാടി എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുത പരിപാടികൊണ്ട് ഉൽപ്പാദനം എത്ര ശതമാനം വർദ്ധിപ്പിക്കാൻ കഴിയും ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) തെരഞ്ഞെടുക്കപ്പെട്ട പാടശേഖരങ്ങളിലെ നെൽക്കൃഷിക്കാർക്ക് ഉൽപ്പാദനവർദ്ധനവിനു ഉതകുന്ന വിധത്തിൽ താഴെ പറയുന്ന സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly